**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2357** **16-03-2022 - ല്‍ മറുപടിയ്ക്ക്**

**ജൂനിയര്‍ സ്റ്റാറ്റിസ്റ്റിക്കല്‍ ഇന്‍സ്പെക്ടര്‍മാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആര്‍. സുനില്‍കുമാര്‍** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമവികസന വകുപ്പിലെ പതിനാല് ജൂനിയര്‍ സ്റ്റാറ്റിസ്റ്റിക്കല്‍ ഇന്‍സ്പെക്ടര്‍മാരുടെ ശമ്പള വിതരണവുമായി ബന്ധപ്പെട്ട് ഐ.ബി. (1 )339/ 2021/എല്‍.എസ്.ജി.ഡി. ഫയലില്‍ സ്വീകരിച്ച നടപടികള്‍ അറിയിക്കാമോ; | (എ) | 23/12/2020-ലെ സ.ഉ. (കൈ)നം.198/2020/ എല്‍.എസ്.ജി.ഡി പ്രകാരം 14 ജില്ലാപഞ്ചായത്തുകളിലേയ്ക്ക് പുനര്‍വിന്യസിക്കപ്പെട്ടിട്ടുള്ള ജൂനിയര്‍ സ്റ്റാറ്റിസ്റ്റിക്കല്‍ ഇന്‍സ്പെക്ടര്‍മാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഇവരുടെ സേവനം പൂര്‍ണ്ണമായും ജില്ലാപഞ്ചായത്തില്‍ ഉറപ്പുവരുത്തണമെന്ന നിബന്ധനയോടെ ജില്ലാപഞ്ചായത്തിലെ ജീവനക്കാര്‍ക്ക് ശമ്പളം നല്‍കുന്ന മാതൃകയില്‍ ("3604-00-200-83-03-General Purpose Fund-6th State Finance Commission - District Panchayat - NPV") ജില്ലാപഞ്ചായത്തില്‍നിന്നും നല്‍കാന്‍, സ.ഉ.(കൈ)നം.45/2022/തസ്വ.ഭവ തീയതി 4/03/2022 പ്രകാരം (പകര്‍പ്പ് അനുബന്ധമായി ചേര്‍ക്കുന്നു.) ഐ.ബി1/339/2021/എല്‍.എസ്.ജി.ഡി ഫയലില്‍ ഉത്തരവായിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെയും പ്രത്യേക പാക്കേജുകളുടെയും ജില്ലാ തല ഏകോപനം, മേല്‍നോട്ടം എന്നിവയ്ക്കായി ജൂനിയര്‍ സ്റ്റാറ്റിസ്റ്റിക്കല്‍ ഇന്‍സ്പെക്ടര്‍മാരുടെ സേവനം ജില്ലാ ഓഫീസുകളില്‍ വിനിയോഗിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്‍കാമോ? | (ബി) | ജില്ലാപഞ്ചായത്തുകളിലേയ്ക്ക് കൈമാറപ്പെട്ട ജൂനിയര്‍ സ്റ്റാറ്റിസ്റ്റിക്കല്‍ ഇന്‍സ്പെക്ടര്‍മാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിര്‍ണയിച്ച് നല്‍കുന്ന വിഷയം IB1/58/2022/തസ്വഭവ നമ്പര്‍ ഫയലില്‍ പരിശോധിച്ച് വരുന്നു. ഈ വിഷയത്തില്‍ അന്തിമതീരുമാനമായിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍

സ.ഉ.(കൈ) നം.45/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ജില്ലാദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ പുനർവിന്യാസവും ദാരിദ്ര്യലഘൂകരണ വിഭാഗത്തിന്റെ പുന:ക്രമീകരണവും സംബന്ധിച്ച പ്രൊപ്പോസൽ അംഗീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ്- ജില്ലാപഞ്ചായത്തുകളിലേയ്ക്ക് കൈമാറപ്പെട്ട ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാർക്കും തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ച ജീവനക്കാർക്കുമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുള്ള വ്യവസ്ഥകൾ- ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ ബി) വകുപ്പ്

സ.ഉ.(കൈ) നം.45/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:-

1. 23/12/2020 ലെ സ. ഉ (കൈ) നം. 198/2020/തസ്വഭവ നമ്പർ ഉത്തരവ്.
2. ഗ്രാമവികസനകമ്മീഷണറുടെ 23/9/2021-ലെ 309/ എസ്റ്റാ.സി3/2021/ സി. ആർ.ഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള ജില്ലാദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ പുനർ വിന്യാസവും ദാരിദ്ര്യലഘൂകരണ വിഭാഗത്തിന്റെ പുന:ക്രമീകരണവും സംബന്ധിച്ച പ്രൊപ്പോസൽ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവ് പ്രകാരം, നിലവിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം (PAU) കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ജില്ലാ പഞ്ചായത്തിന് കൈമാറിക്കൊണ്ടും, പദ്ധതികളുടെ നടത്തിപ്പ് ചുമതല ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഒരു യൂണിറ്റിനെ ഏൽപിച്ചും 20 പേരടങ്ങുന്ന നിലവിലെ PAU കളിൽ നിന്നും 7 ഉദ്യോഗസ്ഥരെ അതാതു ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം ആയി നിലനിർത്തിയും ബാക്കി വരുന്ന ഉദ്യോഗസ്ഥരെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചും ഉത്തരവായിരുന്നു. ഇപ്രകാരം പുനർവിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥർ, ഗ്രാമവികസന കമ്മീഷണറുടെ cadre strength -ൽ വരുന്നവർ ആയതിനാൽ ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം '2515-00-001-50-00 'എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും നിന്നും മാറി നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിലനിന്നിരുന്ന ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തിക ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനും ടി ഉദ്യോഗസ്ഥരുടെ ശമ്പളം മാതൃ വകുപ്പിൽ നിന്നും നൽകുന്നതിനും ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം ഉത്തരവായിരുന്നു.

3. ഇപ്രകാരം ജില്ലാ പഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ചിട്ടുള്ളതും മാതൃവകുപ്പായ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിൽ നിന്നും ശമ്പളം നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതും ഗ്രാമവികസന വകുപ്പിന്റെ കേഡർസ്ട്രെങ്ത്തിൽ ഉൾപ്പെടാത്തതുമായ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലുള്ള ജീവനക്കാരുടെ ശമ്പളച്ചെലവുകൾ

ഗ്രാമവികസന കമ്മീഷണറുടെ "2515-00-001-50" എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽനിന്നും നിർവ്വഹിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സ്പഷ്ടീകരണം ആരാഞ്ഞിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാർഷിക പദ്ധതി രൂപീകരണം, വിവിധതരം ഡാറ്റാ ശേഖരണം, വിശകലനം തുടങ്ങിയ ജോലികൾക്കായാണ് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരെ 14 ജില്ലാപഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് ഉത്തരവായിട്ടുള്ളത്. ഈ ജീവനക്കാർക്ക് അവരുടെ സേവനം ലഭ്യമാകുന്ന വകുപ്പ്/സ്ഥാപനമാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടത്. മേൽ സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 14 ജില്ലാപഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഇവരുടെ സേവനം പൂർണ്ണമായും ജില്ലാ പഞ്ചായത്ത് ഓഫീസിൽ ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ, ജില്ലാപഞ്ചായത്തിലെ ജീവനക്കാർക്ക് നിലവിൽ ശമ്പളം നൽകുന്ന മാതൃകയിൽ (3604-00-200-83-03 General Purpose Fund -6th State Finance Commission - District Panchayats - NPV) ജില്ലാപഞ്ചായത്തിൽ നിന്നും നൽകാൻ ഉത്തരവാകുന്നു. കൂടാതെ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, വിവിധ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ച ജീവനക്കാർക്കുള്ള ശമ്പളം ഇവർ പുനർവിന്യസിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുവാനും ഉത്തരവാകുന്നു.

6. പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.

എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ ( എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ജി&എസ് എസ് എ/ഇ&ആർഎസ് എ)

തദ്ദേശ സ്വയം ഭരണ (ഇആർഎ) വകുപ്പ്(LSGD-ERA1/168/2021 പ്രകാരം) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(Fin Dev-2/329/2021-Fin പ്രകാരം)

വിവര പൊതു ജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

നം.45/2022/LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു.മുഖ്യമന്ത്രിയുടെപ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്